ഓൺലൈൻ വഴി ആധാരങ്ങൾ സംബന്ധിച്ച വിവരം

212 (3963) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ വഴി ലഭിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയിട്ടുള്ള ഓൺലൈൻ സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ ആധാരം സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി അറിയാൻ കഴിയുന്നതാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലാണ് ഈ സംവിധാനം ഉള്ളത്. എന്നാൽ ഭാവിയിൽ, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർ വത്ക്കരണത്തിന്റെ വികസിതഘട്ടത്തിൽ, ആധാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലകളിലും ഓൺലൈനായി ലഭ്യമാകുന്നതാണ്.

(ബി) രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു.

(സി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹകരണത്തോടെ, രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ് കാഴ്ചവയ്ക്കാനാവശ്യമായ നടപടികൾ ഭരണതലത്തിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly